ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരസ്യം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയിൽനിന്നും സാമ്പത്തികം സ്വരൂപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രതിവർഷം ഏകദേശം 115 കോടിയോളം രൂപ പെൻഷൻ ആനുകൂല്യത്തിനായി വേണ്ടിവരുന്നു.

(ഡി) 1-12-2000 വരെ നടപടികൾ പൂർത്തിയായ ക്ലെയിമുകളിൽ 4,87,36,730/- രൂപ കൊടുക്കുവാനുണ്ട്.

(ഇ) ഹഡ്കോ - 70,10,17,003 രൂപ

പാലക്കാട് ജില്ലാ സഹകരണ ബാങ്ക് - 2,07,28,218 രൂപ

മീനച്ചൽ സർക്കാർ സഹകരണ ബാങ്ക് - 28,43,750 രൂപ

കെ.റ്റി.ഡി.എഫ്.സി. - 54,33,79,577 രൂപ

കെ.എസ്.ആർ.ടി.സി.യുടെ വരവ്ചെലവ് കണക്ക്

100 (436) ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) കോർപ്പറേഷന്റെ ഒരു മാസത്തെ ശരാശരി വരവും ചെലവും എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇതിൽ യാത്രക്കൂലിയിനത്തിലുള്ള വരവ് എത്ര;

(ഡി) ശമ്പളയിനത്തിലും ഇന്ധനത്തിനും വേണ്ടി വരുന്ന തുകയെത്ര എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇന്ധനത്തിന് വേണ്ടി എന്തുതുക ഓരോ മാസവും നൽകുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കോർപ്പറേഷന്റെ ഒരു മാസത്തെ ശരാശരി വരവ് 45 കോടി രൂപയും ശരാശരി ചെലവ് 62 കോടി രൂപയുമാണ്.

(സി) 45 കോടി രൂപ

(ഡി) പ്രതിമാസം ശമ്പളത്തിനും പെൻഷനും കൂടി 31 കോടി രൂപ, ഇന്ധനത്തിന് 19 കോടി രൂപ

(ഇ) ഇന്ത്യൻ ഓയിൽ കോർപ്പറേഷന് 16 കോടി രൂപയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് ഒരു കോടി രൂപയും നൽകിവരുന്നു.

കെ.എസ്.ആർ.ടി.സി.ക്ക് ഹഡ്കോ വായ്പ

101 (439) ശ്രീ. ബി. വിജയകുമാർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീമതി റോസമ്മ ചാക്കോ :

LIBRARY ARCHIVES Kerala Legislative Assembly